# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 337** **14.07.2015- ൽ മറുപടിക്ക്**

**കൈത്തറി സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. കെ. കെ. നാരായണൻ<br>ശ്രീ. സി. കൃഷ്ണൻ | ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) മൂലധനമില്ലായ്മയും അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനയും പവർലൂം മേഖലയിൽ നിന്നുള്ള മത്സരവും കൈത്തറി സഹകരണ സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ധനകാര്യസ്ഥാപനങ്ങളിൽ നിന്നും യഥാസമയം വായ്പ ലഭിക്കാത്തതു കാരണം മൂലധനക്കുറവ് കൈത്തറി മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനയും പവർലൂം മേഖലയിൽ നിന്നുള്ള മത്സരവും കൈത്തറി മേഖലയെ സാരമായി ബാധിച്ചിട്ടില്ല.<br>ഈ കുറവുകൾ പരിഹരിക്കാൻ താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.<br>1) റിവൈവൽ, റിഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് വഴി സൊസൈറ്റികളുടെ ബാങ്കിലുള്ള കടം തീർക്കാൻ നടപടി സ്വീകരിച്ചു.<br>2) കൂടാതെ ഷെയർ പാർട്ടിസിപ്പേഷൻ പദ്ധതി വഴി ധനസഹായം നൽകി മൂലധനക്കുറവ് പരിഹരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കൈത്തറി മേഖലയെ പ്രതി സന്ധിയിൽ നിന്നു കരകയറ്റുന്നതിന് ആസൂത്രണ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | ഉണ്ട്. കൈത്തറി മേഖലയെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിന് ആസൂത്രണ ബോർഡ് മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |
| (സി) | ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനും കൈത്തറി സഹകരണ സംഘങ്ങളെ തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്ന തിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | കൈത്തറി സഹകരണ സംഘങ്ങളെ തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

1. നിലവിലുള്ള കൂലി വർദ്ധിപ്പിക്കുക
2. വെൽഫെയർ സ്കീമിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതിയ്ക്ക് മാറ്റം വരുത്തുകയും, ഫാമിലി വെൽഫെയർ സ്കീമുകൾ നടപ്പിലാക്കുകയും ചെയ്യുക.
3. പ്രൈമറി സംഘങ്ങളിൽ നിന്നും യഥാസമയം വേതനം വിതരണം ചെയ്യുക.
4. കൈത്തറി സംഘങ്ങളുടെ ആവശ്യാനുസരണം അസംസ്കൃത വസ്തുക്കൾ അപ്പക്സ് സംഘങ്ങൾ യഥാസമയം നൽകുക.
5. കൈത്തറി ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിന്റെ മുഴുവൻ വിലയും, റിബേറ്റും ഉടൻ നൽകുക.
6. പഴകിയ തറികൾ പരിഷ്കരിക്കുക.
7. വൈദഗ്ധ്യ പരിശീലനം നൽകി വിദഗ്ധരായ തൊഴിലാളികളെ വാർത്തെടുക്കുക
8. പ്രവർത്തന മൂലധനത്തിന്റെ കുറവ് പരിഹരിക്കുന്നതിനായി/ലഘൂകരിക്കുന്നതിനായി ബഡ്ജറ്റിൽ കൂടുതൽ പ്ലാൻ പദ്ധതികൾ ഉൾപ്പെടുത്തുക.
9. കൈത്തറിയുമായി ബന്ധപ്പെട്ട ജോലികൾ മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി ആക്റ്റിൽ ഉൾപ്പെടുത്തുക.
10. ഷോറൂമുകളും ചില്ലറ വിൽപനശാലകളും നവീകരിക്കുക.
11. കൈത്തറി മേഖലയിൽ ഭാഗിക യന്ത്രവൽക്കരണം നടത്തുക.
12. ജോലി സ്ഥലങ്ങൾ നല്ല നിലവാരമുള്ളതാക്കുക.
13. ഡൈയിംഗിനും, ഡിസൈനിംഗിനും, വലിയ രീതിയിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
14. എല്ലാ കൈത്തറി സംഘങ്ങളിലും റെഡിമെയ്ഡ് വസ്ത്രയൂണിറ്റ് സ്ഥാപിക്കുക.
15. ദീർഘകാലത്തേക്ക് ഉയർന്ന റിബേറ്റും, മാർക്കറ്റിംഗ് ഇൻസെന്റീവും അനുവദിക്കുക.
16. അപ്പക്സ് സഹകരണസംഘങ്ങളിൽ കഴിവും, ഉൽപാദനക്ഷമവും, അർപ്പണബോധവും അഴിമതി രഹിതവുമായ മാനുഷികശേഷി ഉറപ്പു വരുത്തുക.
17. കൈത്തറി ഉൽപന്നങ്ങളുടെ ഗുണമേന്മ ഉയർത്തുന്നതിനുള്ള ഉപായം കണ്ടെത്തുക.
18. കൈത്തറി സംഘങ്ങൾക്ക് വിപണനമേളകൾ സംഘടിപ്പിക്കുന്നതിനായി ബന്ധപ്പെട്ട ചെലവുകൾക്ക് അപ്പക്സ് സംഘങ്ങൾ മുൻകൂറായി പണം നൽകുക.
19. എല്ലാ സംഘങ്ങളും സ്വന്തം സ്ഥലത്ത് വിൽപനശാലകൾ സ്ഥാപിക്കുക.
20. സംസ്ഥാനത്തെ ടൂറിസവുമായി കൈത്തറി മേഖലയെ ബന്ധിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
21. സർക്കാർ ജീവനക്കാരെയും വിദ്യാർത്ഥികളെയും ആഴ്ചയിൽ 2 ദിവസം കൈത്തറി വസ്ത്രം ധരിക്കുവാൻ പ്രോത്സാഹിപ്പിക്കുക.

22. വ്യാജ കൈത്തറി ഉൽപ്പന്നങ്ങളെ നിയമപരമായി നിയന്ത്രിക്കുക.

23. കൈത്തറി ഉൽപ്പന്നങ്ങളുടെ കയറ്റുമതി സാധ്യതകൾക്കായുള്ള ഉപായങ്ങൾ അധികാരികൾ കണ്ടെത്തുക.

24. കൈത്തറി വിപണിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമീപ യൂണിറ്റുകൾ ചേർത്ത് ഒരു കൺസോർഷ്യം രൂപീകരിക്കുക.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം II

1)അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.

2)നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.

3)ഹാന്റക്സിനും, ഹാൻവീവിനും പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഉത്സവ സീസണുകളിൽ 20% റിബേറ്റ് നൽകുന്നു.

4)വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വിഷു ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോട് അനുബന്ധിച്ച് ജില്ല തോറും കൈത്തറി പ്രദർശനങ്ങൾ, വില്പനമേളകൾ എന്നിവ സംഘടിപ്പിക്കുന്നു.

5)നിലവിലുള്ള ഷോറൂം നവീകരിക്കുന്നതിനും പുതിയ ഷോറൂം നിർമ്മിക്കുന്നതിനും സഹായം നൽകുന്നു. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 19 ഷോറൂമുകൾ നവീകരിക്കുന്നതിനും 6 പുതിയ ഷോറൂമുകൾ നിർമ്മിക്കുന്നതിനും സഹായം നൽകി. 3 ഷോറൂമുകളുടെ പണി പൂർത്തീകരിച്ചു.

6)കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡി നൽകി വരുന്നു.

7)ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം നൽകുന്നു.

8)കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായവിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി 7 യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് മാർജിൻമണി ലോണും നൽകി വരുന്നു.

9)കേന്ദ്രഗവൺമെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പിലാക്കി വരുന്നു.

10)കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം നടത്തി വരുന്നു.

11)പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകുന്നു. ഇതു വഴി പ്രവർത്തന മൂലധനം സ്വരൂപിക്കാൻ കഴിയുന്നു.

12)കൈത്തറി നെയ്ത്തു സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസിംഗിൽ ഭാഗിക യന്ത്രവൽക്കരണത്തിന് 100% ഗ്രാന്റ് നൽകുന്നു.

13)അംശദായ മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സാമ്പത്തിക പദ്ധതി നടപ്പിലാക്കുന്നു.

14)ഫാക്ടറി/കോട്ടേജ് മാതൃക സംഘങ്ങളിലെ നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു.

15)നെയ്ത്തുകാരുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആകർഷകമായ ഇൻസെന്റീവ് നൽകിപ്രചോദന പരിപാടി നടപ്പിലാക്കുന്നു

16)കൈത്തറി മേഖലയിൽ കേന്ദ്രഗവൺമെന്റിന്റെ പുനരുദ്ധാരണ പുനരാവിഷ്കൃത പാക്കേജ് നടപ്പിലാക്കി വരുന്നു.

17)കൈത്തറി സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിനായി കേന്ദ്രസർക്കാർ പദ്ധതിയായ റിവൈവൽ, റിഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് നടപ്പിലാക്കി വരുന്നു.ഈ പദ്ധതി പ്രകാരം 2010 മാർച്ച് 31 വരെ കുടിശ്ശികയായിട്ടുള്ള വായ്പത്തുകയുടെ 100%വും പലിശയുടെ 25%വും (നോൺ പെർഫോമിംഗ് അസെറ്റ് ആയ തീയതി വരെ) തിരിച്ചടവിൽ നിന്നും ഒഴിവാക്കി സംഘങ്ങളെ സംരക്ഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ